# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **1504** — **15.06.2012**-ലെ മറുപടിക്ക്

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ; | എ) ഗ്രാമ പഞ്ചായത്തുകൾക്ക് പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട്, വികസന ഫണ്ട് എന്നീ ഇനങ്ങളിലാണ് ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നത്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സർക്കാരുകൾക്ക് ടി ഫണ്ടുകൾ അനുവദിക്കുന്നത്. പൊതു ആവശ്യ ഫണ്ട് തദ്ദേശ സർക്കാരുകളിലെ ജനസംഖ്യക്ക് ആനുപാതികമായാണ് അനുവദിക്കുന്നത്. സംരക്ഷണ ഫണ്ട്, ഇപ്പോൾ നൽകുന്നത് വികസന ഫണ്ട് നൽകുന്ന അതേ മാനദണ്ഡം അനുസരിച്ചാണ്. കേരള തദ്ദേശഭരണ സേവന പ്രദാന പദ്ധതിയിനത്തിൽ ലോകബാങ്കിൽ നിന്നും ലഭിക്കുന്ന ധനസഹായവും, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ചേർത്താണ് വികസന ഫണ്ട് അനുവദിക്കുന്നത്. വികസന ഫണ്ട് പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി / പട്ടിക വർഗ്ഗ ഉപപദ്ധതി എന്നിങ്ങനെ തരംതിരിച്ചാണ് അനുവദിക്കുന്നത്. അതിൽ പൊതു വിഭാഗത്തിലുള്ള ഫണ്ട് ചുവടെ പറയും വിധമുള്ള വെയിറ്റേജ് (ശതമാനം) അനുസരിച്ചാണ് അനുവദിക്കുന്നത്. |

| മാനദണ്ഡം | ഗ്രാമ പഞ്ചായത്തുകൾക്കുള്ള ശതമാനം |
|---|---|
| ജനസംഖ്യ (പട്ടികജാതി / പട്ടികവർഗ്ഗം ഒഴികെ) | 50 |
| ഇല്ലായ്മയുടെ തോത് | 30 |
| നികുതി പിരിവിന്റെ കാര്യക്ഷമത | 10 |
| വിസ്തീർണ്ണം | 10 |

(........2)

വികസന ഫണ്ടിന്റെ ഭാഗമായ പ്രത്യേക ഘടക പദ്ധതി / പട്ടിക വർഗ്ഗ ഉപപദ്ധതി വിഭാഗത്തിലുള്ള വിഹിതം 86 : 14 എന്ന അനുപാതത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കുമായി വിഭജിക്കുകയും ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 60 : 20 : 20 എന്ന അനുപാതത്തിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവക്കായി വിഭജിക്കുകയും ചെയ്യുന്നു. ഓരോ ഗ്രാമ പഞ്ചായത്തുകൾക്കുമുള്ള വിഹിതം പട്ടികജാതി / വർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. കൂടാതെ ഒരു ഗ്രാമ പഞ്ചായത്തിന്റെ കുറഞ്ഞ വിഹിതം 70 ലക്ഷം രൂപയാണ്. ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് പ്രത്യേക ഗ്രാന്റിനത്തിൽ 20 ലക്ഷം രൂപ.യും ശബരിമലയുമായി ബന്ധപ്പെട്ടുകിടക്കുന്ന എരുമേലി, ചിറ്റാർ, റാന്നി പെരുനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണംമൂഴി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രത്യേക ഗ്രാന്റിനത്തിൽ 10 ലക്ഷം രൂപ വീതവും വികസന ഫണ്ടിൽ ഉൾക്കൊള്ളിച്ചു നൽകുന്നു. കൂടാതെ ദുർബല ഗ്രാമ പഞ്ചായത്തുകൾക്കുള്ള പ്രത്യേക ധനസഹായം എന്ന നിലയിൽ 16 ഗ്രാമ പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപ വീതവും 58 ഗ്രാമ പഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും അനുവദിക്കുന്നുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി മൊത്തം വികസന ഫണ്ടിന്റെ പരമാവധി 10% തുക ലോക്കൽ ഗവൺമെന്റുകൾക്ക് നൽകും. മുൻ വർഷത്തെ അപേക്ഷിച്ച് തനത് വരുമാനം 10 ശതമാനമെങ്കിലും വർദ്ധിപ്പിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി ഈ തുക വീതിച്ച് നൽകും. നികുതി പിരിവിന്റെ കാര്യക്ഷമത മാനദണ്ഡമനുസരിച്ച് നീക്കിവച്ചിട്ടുള്ള 10% തുകയിൽ നിന്നും യഥാർത്ഥത്തിൽ വീതിച്ച് നൽകേണ്ട തുക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തനത് നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തിയ ലോക്കൽ ഗവൺമെന്റുകളുടെ എണ്ണവും തമ്മിലുള്ള അനുപാതത്തിലായിരിക്കും നൽകുന്നത്. ഈ മാനദണ്ഡ പ്രകാരം നൽകുമ്പോൾ അധികം വന്നേക്കാവുന്ന തുക ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വീതിച്ച് നൽകും.

(......3)

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കേണ്ടുന്ന ബഡ്ജറ്റ് വിഹിതം 2012-2013 വർഷത്തിൽ ലഭിച്ചിട്ടില്ലായെന്നതു സംബന്ധിച്ച് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പരാതി നൽകുകയുണ്ടായോ ; | ബി) | പരാതി ലഭിച്ചിട്ടുണ്ട്. |
| സി) | മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തനം മികവ്, കാര്യക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനം എന്ന നിലയിൽ നൽകുന്ന 10% വർദ്ധനവ് നൽകിയിട്ടില്ലായെന്ന പ്രസ്തുത പരാതിയിൽ എന്തു നടപടി കൈക്കൊണ്ടു ? | സി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ